## 2

# വിശ്വാസവും സ്നാനവും

*"ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു, അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പുമൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്; വിശ്വസിക്കുന്നവർക്കു അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തം ആകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു" (റോമർ 3:23-25).*

രക്ഷ "വിശ്വാസത്താൽ മാത്രം" എന്ന ഉപദേശത്തിൽ വിശ്വസിക്കുന്നവർ സാധാരണ പറയുന്നതു രക്ഷക്കു സ്നാനം ആവശ്യമില്ല എന്നാണ്. രക്ഷക്കായി, മനുഷ്യന്റെ ഭാഗത്തു നിന്നു ദൈവം ആവശ്യപ്പെടുന്നതു, വിശ്വാസം അല്ലാതെ മറ്റൊന്നുമല്ല എന്നാണ് അവരുടെ വാദം. സൈദ്ധാന്തികമായി അവർ ഇതു പറയുന്നുണ്ടെങ്കിലും, അവർ പരിശീലിക്കുന്നതു എപ്പോഴും അങ്ങനെയല്ല.

വിശ്വാസത്താൽ മാത്രമാണ് രക്ഷ എങ്കിൽ, രക്ഷക്കായി പിന്നെ ഒന്നും പഠിപ്പിക്കേണ്ടതുമില്ലല്ലൊ. അതിൽ ബൈബിൾ പഠനം, ഉപദേശം കേൾക്കൽ, മാനസാന്തരം, ഏറ്റു പറച്ചിൽ, ക്രിസ്തു ഒരാളുടെ ഹൃദയത്തിലേക്കു വരേണമേ എന്നപേക്ഷിക്കുന്ന "പാപികളുടെ പ്രാർത്ഥനയും" ആവശ്യമില്ലല്ലോ.[1] "വിശ്വാസം മാത്രം" മതി എന്നു പറയുന്നവർ സാധാരണ ഇവയെല്ലാം വിശ്വാസത്തിൽ ഉൾപ്പെടുത്തിയിരിക്കയാണ്. അപ്പോൾ പിന്നെ സ്നാനവും വിശ്വാസത്തിൽ എന്തുകൊണ്ട് അവർ ഉൾപ്പെടുത്തുന്നില്ല, അതു മുൻപു പറഞ്ഞവയേക്കാൾ വലുതായ ആവശ്യകതയല്ലല്ലോ? സ്നാനപ്പെടുന്നയാൾ ഒന്നും പ്രവർത്തിക്കുന്നില്ല, എന്നാൽ ശരീരത്തെ വെള്ളത്തിലേക്കു കൊണ്ടു പോകുവാനും വെള്ളത്തിൽ നിന്നു കയറുവാനും അനുവദിക്കുന്നു എന്നു മാത്രം - യേശുവും തന്റെ ക്രൂശീകരണത്താൽ, അവൻ തന്റെ ശരീരത്തെ മറ്റുള്ളവർ ആണി അടിക്കുവാൻ അനുവദിക്കുകയാണ് ചെയ്തത്. അവൻ നമുക്കുവേണ്ടി മരിച്ചശേഷം മറ്റുള്ളവർ അവന്റെ ശരീരത്തെ അടക്കുകയും ആത്മാവിനാൽ അവൻ ഉയിർത്തെഴുന്നേല്ക്കുകയുമാണ് ചെയ്തത് (റോമർ 8:11).

## വിശ്വാസത്തിൽ അനുസരണവും ഉൾപ്പെടുന്നുണ്ടോ?

"വിശ്വാസം" എന്നതും "വിശ്വസിക്കുക" എന്നതും *പിസ്റ്റെയുവോ* യുടെ രൂപഭേദങ്ങളിൽ നിന്നും വന്നതാണ്, നിർവ്വചനം "ആശ്രയവും വിശ്വാസ്യതയും" എന്നാണ്. ഒരാളുടെ ആശ്രയത്തോടു മനസ്സോടെ പ്രതികരിക്കൽ, അനുസരണത്തിൽ എത്തിക്കുന്നതും ആണ്. *പിസ്റ്റെയുവോയുടെ* നിർവ്വചനം ബൾട്ട്മാൻ നല്കുന്നത് ഇതാണ്:

> ... "അനുസരിക്കുക." വിശ്വസിക്കുക, എന്നാൽ അനുസരിക്കുക എന്നാണെന്നു എബ്രായർ 11 ഊന്നി പറയുന്നു [പഴയ നിയമ]ത്തിലെ പോലെ പൗലൊസ് റോമർ 1:8; 1 തെസ്സലൊനിക്യർ 1:8 (ഒത്തുവാക്യങ്ങൾ റോമർ 15:18; 16:19) വ്യക്തമാക്കുന്നതും, വിശ്വസിക്കുന്നതിന്റെ അർത്ഥം അനുസരിക്കുന്നതാണ്. വിശ്വാസത്തിൽ അനുസരിക്കുന്നതിനെക്കുറിച്ചു അവൻ (റോമർ 1:5 ലും ഒത്തുവാക്യങ്ങൾ 10:3; 2 കൊരിന്ത്യർ 9:13 ലും പറയുന്നു).[2]

മാനസികവും വൈകാരികവും ആയ പ്രതികരണത്തേക്കാൾ കൂടുതൽ സൂചിപ്പിക്കുന്നതാണ് "വിശ്വാസം" എന്നതും "വിശ്വസിക്കുക" എന്നതും. അതു "അനുസരണക്കേട്," "അനുസരിക്കാതിരിക്കുന്നവൻ," "അനുസരിക്കാതിരിക്കൽ" എന്നിവയ്ക്ക് എതിരാണ്. *അപ്പെയ്തിയോ* എന്ന ഗ്രീക്കു വാക്കിൽ നിന്നു തർജ്ജിമ ചെയ്ത വാക്കുകളാണിവ.[3] യോഹന്നാൻ 3:36 പറയുന്നു, "പുത്രനിൽ വിശ്വസിക്കുന്നവന്നു [ഗ്രീക്ക്.: *പിസ്റ്റെയുവോ*] നിത്യജീവൻ ഉണ്ട്; എന്നാൽ പുത്രനെ അനുസരിക്കാത്തവൻ [ഗ്രീക്ക്.: *അപ്പെയിത്തിയോ*] ജീവനെ കാണുകയില്ല, ദൈവക്രോധം അവന്റെ മേൽ വസിക്കുന്നതേയുള്ളൂ." *പിസ്റ്റെയുവോ* ("വിശ്വസിക്കുക"), ക്രിയാത്മകമായിട്ടാണ്, *അപ്പെയിത്തിയോക്ക്* എതിരാണ് ("അനുസരിക്കാതിരിക്കുക"), നിഷേധ സൂചകം, "വിശ്വാസം," "വിശ്വസിക്കുക" എന്നീ വാക്കുകളിൽ പ്രവൃത്തിയാൽ ലക്ഷ്യം പൂർത്തീകരിക്കുന്നതായി കാണാം.

എബ്രായർ 3:18, 19–ൽ, ഒരു താരതമ്യം കാണുന്നു: "അവരുടെ ശവങ്ങൾ മരുഭൂമിയിൽ വീണു പോയി. എന്റെ സ്വസ്ഥതയിൽ പ്രവേശിക്കയില്ല എന്നു ആണയിട്ടതു അനുസരണം കെട്ടവരോടല്ലാതെ [ഗ്രീക്ക്.: *അപ്പെത്തിയോ*] പിന്നെ ആരോടാകുന്നു? അതുകൊണ്ട് അവർക്ക് പ്രവേശിക്കുവാൻ കഴിഞ്ഞില്ല എന്നു നാം കാണുന്നു കാരണം അവിശ്വാസമാണ് [ഗ്രീക്ക്.: *അപ്പിസ്റ്റെയോ*]." കനാൻ ദേശത്തുപോയി അവരെ കീഴ്പ്പെടുത്തുവാൻ ദൈവം പറഞ്ഞതു യിസ്രായേൽ അനുസരിക്കാതിരുന്നതാണ് ഇവിടെ പറയുന്നത്. യിസ്രായേലിനെ ഒരു ഉദാഹരണമായി ഇവിടെ ഉപയോഗിച്ചിരിക്കുന്നു (എബ്രായർ 3:9–11, 16–19) "അവിശ്വാസമുള്ള ഹൃദയം" ഉണ്ടാകാതിരിപ്പാൻ ക്രിസ്ത്യാനികളെ മുന്നറിയിക്കുന്നുണ്ട് (എബ്രായർ 3:12–15). യിസ്രായേലിന്നു നല്കിയ സന്ദേശത്തിന്റെ ഗുണം അവർക്കു കിട്ടാതിരിപ്പാനുള്ള കാരണം "വിശ്വാസത്താൽ അവർ അതിനോടു ചേർന്നില്ല [ഗ്രീക്ക്.: *പിസ്റ്റിസ്*]" (എബ്രായർ 4:2). അനുസരണത്തിലേക്കു

നയിക്കുന്ന ഒരു വിശ്വാസം അവർക്കില്ലാതിരുന്നതുകൊണ്ടു അവർക്കു ദൈവത്തിൽ നിന്നു പ്രതിഫലം കിട്ടാതെ പോയി. എബ്രായർ 4:6 പറയുന്നു അവർക്കു ദൈവത്തിന്റെ സ്വസ്ഥതയിൽ പ്രവേശിക്കുവാൻ കഴിയാതിരുന്നതു അവരുടെ "അനുസരണക്കേടായിരുന്നു [ഗ്രീക്ക്.: *അപ്പെയിത്തിയ*]." അവരുടെ "അനുസരണക്കേടിന്റെ മാതൃക [ഗ്രീക്ക്.: *അപ്പെയിത്തിയ*]" അനുകരിക്കരുതെന്നു എബ്രായ ലേഖകൻ ക്രിസ്ത്യാനികളോടു അപേക്ഷിക്കുന്നുണ്ട് (എബ്രായർ 4:11). കെജെവി തർജ്ജിമ ചെയ്തിരിക്കുന്നത് എബ്രായർ 4:6, 11–ൽ "അനുസരണക്കേട്" എന്നതിനും യോഹന്നാൻ 3:36–ൽ "വിശ്വസിക്കാത്തവൻ" എന്നതിനും പകരമായി *അപ്പെയിത്തിയ*യുടെ രൂപഭേദങ്ങൾ തർജ്ജിമ ചെയ്തതു ന്യായീകരിക്കാവുന്നതല്ല.

ഈ വേദഭാഗങ്ങൾ വ്യക്തമാക്കുന്നതു വിശ്വാസം അനുസരണത്താലാണ് പൂർണ്ണമാകുന്നതു എന്നത്രേ. വിശ്വസിക്കാത്തവർ അനുസരിക്കാത്തവരാണ്, വിശ്വാസമുള്ളവർ അനുസരിച്ചവരാണ്. അനുസരണത്തിലേക്കു നയിക്കുന്ന വിശ്വാസത്തിനാണ് പ്രതിഫലം നല്കുന്നത്.

### രക്ഷ വിശ്വാസത്താൽ മാത്രമോ?

ഒരുപക്ഷെ മാർട്ടിൻ ലൂഥർ തുടങ്ങിവെച്ച "വിശ്വാസം മാത്രം" എന്നതു മറ്റൊരു അതിരു കവിഞ്ഞ ഉപദേശമായ സൽപ്രവൃത്തികളുടെ അടിസ്ഥാനത്തിലുള്ള രക്ഷയെ എതിരിടേണ്ടതായി വരുന്നു. "വിശ്വാസം" എന്നതിനുശേഷം "മാത്രം" എന്ന വാക്ക് അദ്ദേഹത്തിന്റെ റോമർ 3:28 ന്റെ തർജ്ജിമയിൽ കൂട്ടിച്ചേർത്തു. ഇതാണ് പിൽക്കാലത്തെ പ്രൊട്ടസ്റ്റന്റ് സഭകളിൽ അടിസ്ഥാന ഉപദേശമായി വന്നത്. *ബുക്ക് ഓഫ് ഡിസിപ്ലിൻ,* എന്ന നാമധേയ വിശ്വാസപ്രമാണ പുസ്തകം, പറയുന്നു: "ആകയാൽ, നാം വിശ്വാസത്താൽ മാത്രം രക്ഷിക്കപ്പെടും എന്ന മൊത്തത്തിലുള്ള ഉപദേശം, വളരെ ആശ്വസിപ്പിക്കുന്നതാണ്."[4]

"വിശ്വാസം മാത്രം," എന്നോ "പ്രവൃത്തികൾ മാത്രം" എന്നോ ബൈബിൾ പഠിപ്പിക്കുന്നില്ല, "സ്നേഹം മുഖാന്തരം പ്രവർത്തിക്കുന്ന വിശ്വാസം" ആണ് (ഗലാത്യർ 5:6). എബ്രായർ 11:6–ൽ ഈ സത്യം വെളിപ്പെടുത്തിയിരിക്കുന്നത്: "എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല, ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലൊ."[5] ദൈവം ഉണ്ടെന്നു നാം വിശ്വസിച്ചാൽ മാത്രം പോരാ, അവനെ പ്രസാദിപ്പിക്കേണ്ടതിന്നു നാം "അവനെ അന്വേഷിക്കണം." "അന്വേഷിക്കുക" എന്നതിൽ മനുഷ്യപ്രയത്നം ഉൾപ്പെട്ടിരിക്കുന്നു.

പിശാചുക്കൾ വിശ്വസിക്കയും വിറക്കുകപോലും ചെയ്യുന്നുണ്ട് എന്നു യാക്കൊബ് പറയുന്നു (യാക്കൊബ് 2:19). അവൻ പറഞ്ഞു, "അങ്ങനെ വിശ്വാസവും, പ്രവൃത്തികളില്ലാത്തതായാൽ, സ്വതവേ നിർജ്ജീവമാകുന്നു" (യാക്കൊബ് 2:17; കൂടാതെ വാക്യങ്ങൾ നോക്കുക 20, 26). വിശ്വാസത്താൽ മാത്രം ദൈവ സന്നിധിയിൽ നീതീകരിക്കപ്പെടുവാൻ സാധ്യമല്ല: "അങ്ങനെ മനുഷ്യൻ വെറും വിശ്വാസത്താലല്ല, പ്രവൃത്തികളാൽ തന്നേ നീതീകരിക്കപ്പെടുന്നു എന്നു നിങ്ങൾ കാണുന്നു"

(യാക്കൊബ് 2:24).

യേശുവിലുള്ള വിശ്വാസം പ്രാധാന്യമുള്ളതാണ് കാരണം അവനിലുള്ള വിശ്വാസമാണ് യേശുവിനെ അനുസരിക്കുവാൻ പ്രേരിപ്പിക്കുന്നത് (യോഹന്നാൻ 3:36). ഒരാൾ വിദേശത്തുള്ള തന്റെ സ്നേഹിതരെ സന്ദർശിക്കുവാൻ പോയി രോഗിയായി എന്നു വിചാരിക്കുക. ആശ്രയിക്കാവുന്ന നല്ല ഡോക്ടർ ആരാണെന്നറിയാത്തതുകൊണ്ട് അയാൾ ഡോക്ടറെ കാണുവാൻ കൂട്ടാക്കിയില്ല. അവന്റെ കൂട്ടുകാർ ഒരു ഡോക്ടറെ പരിചയപ്പെടുത്തി കൊടുത്തു. എങ്ങനെയായാലും, അയാൾ ഡോക്ടറെ കാണുകയും സന്തോഷത്തോടെ അയാൾ എഴുതിയ മരുന്നു വാങ്ങി കഴിക്കുകയും ചെയ്തു – കാരണം അയാൾ ഡോക്ടറിൽ വിശ്വസിച്ചു. യേശുവിൽ വിശ്വസിക്കുന്നവരെ സംബന്ധിച്ചും അതു വാസ്തവമാണ്. അവനിൽ വിശ്വസിക്കുന്നവർ അവനെ അനുസരിക്കും (മത്തായി 7:24–27). അതുകൊണ്ട് അവർക്കു നിത്യ രക്ഷയും ലഭിക്കും (എബ്രായർ 5:9).

**രക്ഷ പ്രവൃത്തിയാലോ?**

“വിശ്വാസവും” “പ്രവൃത്തികളും” എന്നതിനെ സംബന്ധിച്ചു പൗലൊസും യാക്കൊബും തമ്മിൽ തർക്കമുണ്ടായിരുന്നു എന്നു ചിലർ വിശ്വസിക്കുന്നുണ്ട് (റോമർ 3:28; യാക്കൊബ് 2:24). പൗലൊസും യാക്കൊബും ഒരേ രീതിയിലുള്ള പ്രവൃത്തികളെക്കുറിച്ചാണ് എഴുതിയിരുന്നതെങ്കിൽ, അവർക്കു തമ്മിൽ വൈപരീത്യം ഉണ്ടെന്നു നമുക്കു പറയാമായിരുന്നു. എങ്ങനെയായാലും, നീതീകരണത്തിനായി സ്വന്ത – നേട്ടത്തിനു പ്രവർത്തിക്കുന്നതിനെ കുറിച്ചാണ് പൗലൊസ് എഴുതിയത്, എന്നാൽ യാക്കൊബ് എഴുതുന്നതു വിശ്വാസത്തെ ആസ്പദമാക്കിയുള്ള പ്രവൃത്തികൾ അതായതു യേശുവിലുള്ള വിശ്വാസ പ്രവൃത്തികൾ നീതീകരണത്തിനായി നല്കിയിരിക്കുന്നതിനെയാണ്.

യെരീഹോ മതിലുകൾ നശിപ്പിച്ചതിൽ ഈ രണ്ടുതരത്തിലുള്ള പ്രവൃത്തികളുടെയും നല്ല ഒരു ഉദാഹരണം നമുക്കു കാണാം. മതിലുകൾ വീഴുവാൻ ഇടയാക്കിയത് എന്താണ്? ദൈവത്തിന്റെ പ്രവൃത്തി, അവന്റെ പ്രവൃത്തി മാത്രമാണ്. യിസ്രായേൽ അതിനു ചുറ്റും നടന്നതുകൊണ്ടോ, നിലവിളിച്ചതുകൊണ്ടോ അവർക്കു അതു വീഴ്ത്തുവാൻ കഴിയുമായിരുന്നില്ല. യിസ്രായേലിന്റെ പ്രവൃത്തികൾ കൊണ്ടു മതിൽ വീണിരുന്നെങ്കിൽ, അവർ കൂടവും, പിക്കാസും, കമ്പിയുമെല്ലാം ഉപയോഗിച്ചു മതിൽ ഇടിക്കുമായിരുന്നു. പൗലൊസ് എഴുതിയപ്പോൾ, ഇത്തരം പ്രവൃത്തികളെക്കുറിച്ചാണ് പറയുന്നത്, “ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല” (എഫെസ്യർ 2:9).

“വിശ്വാസത്താൽ അവർ ഏഴുദിവസം ചുറ്റി നടന്നപ്പോൾ യെരിഹോം മതിൽ ഇടിഞ്ഞുവീണു” (എബ്രായർ 11:30). യിസ്രായേലിന്റെ വിശ്വാസത്തിലധിഷ്ഠിതമായ പ്രവൃത്തിയാണ് ഇവിടെ പറയുന്നത്, യാക്കൊബ് പറയുന്ന പ്രവൃത്തികൾ അത്തരത്തിലുള്ളതാണ്. ദൈവം വാഗ്ദാനം ചെയ്തതിനോടുള്ള പ്രതികരണ പ്രവൃത്തിയായിരുന്നു അവർ ചെയ്തതു, അല്ലാതെ തങ്ങൾക്കു ചെയ്യാവുന്നതിലുള്ള ആശ്രയമായിരുന്നില്ല.

അനുഗ്രഹം പ്രാപിക്കേണ്ട പ്രവൃത്തികളിൽ ഉൾപ്പെടുത്താവുന്ന തല്ല സ്നാനം. വിശ്വാസം, മാനസാന്തരം, ഏറ്റു പറച്ചൽ എന്നിവ പോലെ സ്നാനത്തിനും പാപം നീക്കികളയാൻ സ്വയമേ കഴിവില്ല. സ്നാനം സ്വയ – നേട്ട പ്രവൃത്തി ആയിരുന്നെങ്കിൽ, അതിനെ രക്ഷയിൽ നിന്നും, പാപ മോചനത്തിൽ നിന്നും ഒഴിവാക്കാമായിരുന്നു. പാപങ്ങളെ നീക്കുവാനുള്ള ശക്തി വെള്ളത്തിലില്ല, സ്നാനം ഏല്ക്കുന്ന പ്രവൃത്തിയിലുമില്ല, അല്ലെങ്കിൽ ഒരാൾ സ്നാനത്തിനു കീഴ്പ്പെടുന്നതിലുമില്ല. ശക്തി യേശുവിന്റെ രക്തത്തിൽ മാത്രമാണ് (മത്തായി 26:28; എബ്രായർ 9:22) യെരിഹോം മതിൽ വീഴുവാൻ യിസ്രായേൽ ചെയ്തതുപോലെ തന്നെയാണ്, സ്നാനത്തിലും നടക്കുന്നത്. അതിൽ ഉൾപ്പെടുന്നവരുടെ പ്രവൃത്തികളിൽ ഒന്നുമല്ല ആഗ്രഹിച്ച ഫലം കിട്ടുന്നത്.

തന്റെ വാഗ്ദാന നിർദ്ദേശങ്ങളിൽ യിസ്രായേൽ വിശ്വാസത്തോടെ പ്രതികരിക്കുന്നതുവരെ ദൈവം അവരെ അനുഗ്രഹിച്ചില്ല. പ്രതിഫലം തരുന്ന വിശ്വാസത്തിനു മാതൃകയായി ദൈവം പറഞ്ഞിരിക്കുന്നതാണ് ഇത് (എബ്രായർ 11:30).

സ്നാനപ്രവൃത്തിയെ സംബന്ധിച്ചു, പൗലൊസ് എഴുതി, “സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ അടക്കപ്പെടുകയും, അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ച ദൈവത്തിന്റെ വ്യാപാര ശക്തിയിലുള്ള വിശ്വാസത്താൽ, അവന്നോടുകൂടെ നിങ്ങളും ഉയിർത്തെഴുന്നേല്ക്കയും ചെയ്തു” (കൊലൊസ്യർ 2:12). അതുപോലെ തന്നെയാണ്, ദൈവേഷ്ടത്തോടു വിശ്വാസത്തോടെ പ്രതികരിച്ചപ്പോൾ ദൈവം അതിനോടു പ്രതികരിച്ചു യെരിഹോ മതിൽ വീഴുമാറാക്കി. അവർ ചുറ്റി നടന്നു, ദൈവം പറഞ്ഞതുപോലെ, നിലവിളിക്കയും ആട്ടിൻ കൊമ്പു കൊണ്ടുള്ള കാഹളം ഊതുകയും ചെയ്തപ്പോൾ ദൈവം അവർക്കു പ്രതിഫലം കൊടുത്തു (യോശുവ 6:1–20), അതുപോലെ, നാം യേശുവിനോടുകൂടെ വിശ്വാസത്താൽ സ്നാനത്തിൽ അടക്കം ചെയ്യുമ്പോൾ ദൈവം നമ്മുടെ പാപങ്ങളെ നീക്കുവാൻ പ്രവർത്തിക്കുന്നു (മർക്കൊസ് 16:16; പ്രവൃത്തികൾ 2:38; 22:16; കൊലൊസ്യർ 2:12, 13).

യിസ്രായേലിന്റെ പ്രവൃത്തികളിൽ അവരുടെ ജന്മനാ ഉള്ള കഴിവുകൾ ഒന്നുമല്ല അവർക്കു പ്രതിഫലം ലഭിക്കുവാനിടയായത്, നാം സ്നാനം ഏറ്റപ്പോഴും നമ്മുടെ ജന്മനാ ഉള്ള കഴിവുകൾ ഒന്നുമല്ല നമ്മെ രക്ഷിച്ചത്. അവർക്കു ലഭിച്ച അനുഗ്രഹത്തിനു കാരണം അവരുടെ പ്രവൃത്തികൾ ആയിരുന്നില്ല, നമ്മുടേതായ അനുഗ്രഹങ്ങളും, നാം ചെയ്ത പ്രവൃത്തികൾ കാരണമല്ല ലഭിച്ചത്. എങ്ങനെയായാലും, യിസ്രായേലിന്നു അവരുടെ വിശ്വാസം ദൈവം വാഗ്ദാനം ചെയ്തതിന്നുള്ള നിബന്ധനകൾ അനുസരിക്കുന്നതുവരെ ലഭിച്ചിരുന്നില്ല; അതുപോലെ നമ്മുടെ വിശ്വാസവും സ്നാനത്തിൽ പ്രകടമാക്കുന്നതുവരെ ദൈവം നമ്മെ അനുഗ്രഹിക്കയില്ല. നമ്മുടെ പ്രവൃത്തികളാലല്ല നാം രക്ഷിക്കപ്പെടുന്നത്. നാം ചെയ്യുന്ന പ്രവൃത്തികൾ ഒന്നും രക്ഷ നേടുവാൻ പര്യാപ്തമല്ല, കാരണം ആ നേട്ടം കൈവരിച്ചതു ക്രൂശിൽ യേശു മരിച്ചതുകൊണ്ടാണ്. നമ്മുടെ രക്ഷക്കുവേണ്ടി നാം ചെയ്യുന്നതൊന്നും നമ്മുടെ യോഗ്യതയല്ല. പാപപരിഹാരത്തിനായി യേശു ക്രൂശിൽ മരിച്ചതുകൊണ്ടുണ്ടായ പാപമോചന

ത്തിൽ വിശ്വസിച്ചു പാപമോചനത്തിനായി യേശുവാണ് പ്രവർത്തിച്ച ത്.

നാം ചെയ്യുന്ന പ്രവൃത്തിയല്ല സ്നാനം. പകരം നമ്മെ നിമഞ്ജനം ചെയ്യുന്നു, മറ്റൊരാൾ നമ്മെ വെള്ളത്തിൽ അടക്കം ചെയ്യുമ്പോൾ നാം കീഴ്പ്പെടുകയാണ്. ഒരുവിധത്തിലും സ്നാനം എന്നത് നാം ചെയ്യുന്ന ഒന്നുമല്ല; മറിച്ച്, അത് നമ്മോടു ചെയ്യുന്ന ഒന്നാണ്. നാം സ്നാനത്തിനു കീഴ്പ്പെടുന്നതിന്റെ കാരണം സ്നാനത്തിൽ ദൈവം നമ്മുടെ പാപങ്ങളെ നീക്കുവാൻ പ്രവൃത്തിക്കുന്നു എന്ന വിശ്വാസം കൊണ്ടാണ് (കൊലൊ സ്യർ 2:12, 13), സ്നാനത്തിനു എന്തെങ്കിലും ജന്മസിദ്ധമായ കഴിവുണ്ട് എന്നു വിശ്വസിക്കുന്നതല്ല കാരണം. നവോത്ഥാന നായകന്മാരിൽ ഒരാ ളായിരുന്ന അലെക്സാണ്ടർ കാംബെൽ, പത്തൊമ്പതാം നൂറ്റാണ്ടിൽ എഴു തി,

> മരിച്ച ആൾ സ്വയം അടക്കം ചെയ്യുകയോ അല്ലെങ്കിൽ തനിയെ വീണ്ടും ജീവിതത്തിലേക്കു തിരിച്ചു വരികയോ ഇല്ല. സ്നാനത്തിൽ, എല്ലാറ്റിൽ കൂടെയും നാം കടന്നുപോകുന്നു, എന്നാൽ നാം നമ്മുടെ സമ്മതം നല്കുന്നു. നാം അടക്കം ചെയ്യപ്പെടുന്നതും എഴുന്നേല്ക്ക പ്പെടുകയും ചെയ്യുന്നതു മറ്റൊരാളാലാണ്. അതുകൊണ്ടു, സ്നാനം എന്നതു നല്ല പ്രവൃത്തിയായി അറിയപ്പെടുകയുമില്ല. സ്നാനത്തി നുള്ള സ്വാധീനം നമ്മുടെ ആത്മിയ ബന്ധമാണ്, അതുകൊണ്ട്, പ്രവൃത്തിയിൽ നമ്മുടേതായ ഒരു യോഗ്യതയുമില്ല; കാരണം ഉള വാകുന്നുമില്ല, എന്നാൽ വെറും ഉപകരണങ്ങളായി കാരണമായി തീരുന്നു, അതു നാം ക്രിസ്തുവിനോടു ചേർന്ന് "ക്രിസ്തുവിനെ ധരിക്കുമ്പോഴാണ്" നാം അവനോടു ചേരുകയും ചെയ്യുന്നു, അങ്ങനെ അവനുമായി ഹൃദയത്തിൽ ഉടമ്പടി ചെയ്യും, അതു അവന്റെ മരണത്തിലും, അടക്കത്തിലും, ഉയിർപ്പിലും പങ്കാളിയാ കുന്നതിലൂടെയാണ്. അതുകൊണ്ടു, പൗലൊസ് പറഞ്ഞു, "ക്രിസ്തു വിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം, അവന്റെ മരണ ത്തിൽ പങ്കാളികളാകുവാൻ സ്നാനമേല്പിക്കുന്നു" - "അവർ ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു."[6]

## സ്നാനം വിശ്വാസവുമായി ബന്ധപ്പെട്ടിരിക്കുന്നുവോ?

സ്നാനത്തെ വിശ്വാസത്തിൽ നിന്നു വേർപിരിച്ചാൽ, സ്നാനം പിന്നെ രക്ഷക്കു ആവശ്യമില്ലാതാകും; കാരണം രക്ഷ വിശ്വാസത്തെ ആശ്രയി ച്ചാണ് ഇരിക്കുന്നത്. എങ്ങനെയായാലും, ബൈബിളിൽ സ്നാനം വിശ്വാ സത്തിൽ നിന്നു വേർപിരിക്കാത്തവിധം ബന്ധപ്പെട്ടിരിക്കുന്നു (മർക്കൊസ് 16:16; പ്രവൃത്തികൾ 8:12, 13; 18:8; ഗലാത്യർ 3:26, 27; കൊലൊസ്യർ 2:12). ഈ കാര്യത്തിൽ ന്യൂ ജെറുശലേം ബൈബിളിലെ പ്രസ്താവന ശരിയാ ണ്:

> സ്നാനം വിശ്വാസത്തിനു എതിരായിട്ടല്ല എന്നാൽ അതിനോടു

യോജിക്കുകയാണ്, ... അതു സ്നാനാഘോഷത്തിന്റെ ബാഹ്യമായ പ്രവർത്തിക്കുന്ന അടയാളമായി തീരുകയാണ്. അതുകൊണ്ടാണ് വിശ്വാസത്തിനും സ്നാനത്തിനും തുല്യമായ ഫലമുണ്ടെന്നു പൗലൊസ് വ്യക്തമാക്കുന്നത് (ഒത്തുവാക്യങ്ങൾ റോമർ 6:3–9 ഉം ഗലാത്യർ 2:16–20).[7]

റോമർ 6 നെപ്പറ്റി, ഡഗ്ളസ് മൂ എഴുതി, "വിശ്വാസം സ്നാനത്തിലേക്കു നയിക്കുന്നു എന്നു കരുതുന്നതുപോലെ, എല്ലായ്പ്പോഴും സ്നാനവും അതിന്റെ വിലയോടുകൂടി വിശ്വാസത്തോടു ബന്ധപ്പെട്ടിരിക്കുന്നു. വാക്യങ്ങൾ 3–4, പിന്നെ മുഴുവൻ പരിവർത്തനത്തിലും, ആരംഭാനുഭവമായി, വിശ്വാസത്തോടും ആത്മാവിന്റെ ദാനത്തോടും ഒപ്പം നില്ക്കുന്നു."[8]

അതുപോലെ, ദൈവത്തിന്റെ അനുഗ്രഹങ്ങൾ വിശ്വാസത്തിന്റെ ഫലമായിട്ടുള്ളതാണ് – എന്നാൽ അതിനുശേഷമാണ് ശരിയായ പ്രവൃത്തി നടക്കുന്നത്. ഹാബേൽ ശരിയായ യാഗം അർപ്പിച്ചു, നോഹ പെട്ടകം പണിതു, അബ്രഹാം ദൈവത്തെ അനുസരിച്ചു, യിസ്രായേൽ യെരിഹോ മതിലിനു ചുറ്റും നടന്നു (എബ്രായർ 11:4–8, 30). രക്ഷ അതുപോലെ വിശ്വാസത്തോടു ബന്ധപ്പെടുത്തി പറഞ്ഞിരിക്കുന്നു – എന്നാൽ അതു സ്നാനശേഷമാണ് (മർക്കൊസ് 16:16; 1 പത്രൊസ് 3:21). എന്നാൽ ദൈവം പറഞ്ഞതിനോടു, വിശ്വാസത്താൽ പ്രതികരിക്കാതിരുന്ന, ആർക്കും ഒരിക്കലും, ബൈബിളിൽ അനുഗ്രഹം കൊടുത്തിട്ടില്ല. ദൈവം പ്രവൃത്തിക്കായി ആജ്ഞാപിക്കുമ്പോൾ, വിശ്വാസം പ്രവൃത്തിയിലേക്കു നയിക്കുമ്പോഴാണ് ദൈവം വാഗ്ദാനം ചെയ്ത അനുഗ്രഹങ്ങൾ നല്കുന്നത്. ദൈവം വാഗ്ദാനം ചെയ്ത പാപമോചനത്തിൽ ഒരാൾക്കു വിശ്വാസം ഉണ്ടാകുന്നതു അയാൾ സ്നാനം ഏല്ക്കുമ്പോഴാണ്; അതു ബൈബിൾ വിശ്വാസത്തിൽ ഒഴിവാക്കിയിട്ടില്ല.

## ചുരുക്കം

അവന്റെ ഇഷ്ടത്തോടു പ്രതികരിക്കുന്ന ഉദ്ദേശത്തോടെ അവനിൽ ആശ്രയിക്കുന്ന വിശ്വാസത്തിനാണ് ദൈവം പ്രതിഫലം നല്കുന്നത്. ദൈവത്തിന്റെ പ്രവൃത്തിയിൽ ഒരാൾ വിശ്വസിച്ചു സ്നാനം ഏല്ക്കുമ്പോഴാണ് ദൈവം പാപമോചനം എന്ന പ്രതിഫലം നല്കുന്നത്. വിശ്വാസം കൂടാതെയുള്ള, മനുഷ്യന്റെ ഒരു പ്രവൃത്തിയും ദൈവത്തെ പ്രസാദിപ്പിക്കുന്നില്ല (എബ്രായർ 11:6); അതുകൊണ്ടു, സ്നാനം ദൈവസന്നിധിയിൽ വിലയുള്ളതാകണമെങ്കിൽ അതു വിശ്വാസത്തോടുകൂടെ ആകണം.

നാം സ്നാനം ഏല്ക്കുമ്പോൾ രക്ഷിക്കപ്പെടുന്നു (മർക്കൊസ് 16:15, 16), യേശു നമ്മുടെ പാപങ്ങൾക്കു വേണ്ടി മരിച്ചു എന്ന സുവിശേഷം നാം വിശ്വസിക്കുമെങ്കിൽ ആണത് (1 കൊരിന്ത്യർ 15:1–3). "വിശ്വസിക്കയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവൻ," എന്ന പ്രയോഗം, തർജ്ജിമക്കാരായ റോബെർട്ട് ബ്രാച്ചെറും യൂജീൻ നിഡയും എഴുതി, "... രണ്ടു അപൂർണ്ണ ക്രിയകളെയും ഒരു ഒറ്റ ആർട്ടിക്കിൾ ആണ് നിയന്ത്രിക്കുന്നത്, രണ്ടും ചേർന്നാണ് ആ മനുഷ്യൻ രക്ഷിക്കപ്പെട്ടു എന്നു പറഞ്ഞിരി

ക്കുന്നത്; അത് ഇങ്ങനെ തർജ്ജിമ ചെയ്യാം, 'സ്നാനമേറ്റ വിശ്വാസി'."[9] ആ വ്യക്തിയാണ് "രക്ഷിക്കപ്പെടുന്നത്."

സ്നാനം വിശ്വാസമില്ലാത്തതായാൽ വിലയില്ല, വിശ്വാസവും ദൈവേഷ്ടപ്രകാരമല്ലെങ്കിൽ വിലയില്ലാതാകും. സ്നാനപ്പെടുമ്പോൾ നാം യേശുവിലുള്ള വിശ്വാസത്താൽ അടക്കപ്പെടുകയും ഉയിർക്കപ്പെടുകയും ചെയ്യുന്നു, കാരണം യേശുവിന്റെ അടക്കത്തിലും ഉയിർത്തെഴുന്നേല്പിലും നാം കീഴ്പ്പെട്ട് അവനോടു പങ്കുചേരുന്നു. അതു അവനോടു തുടർന്നും ചേർന്നിരിക്കുന്നതിനാണ്. നമുക്ക് അവന്റെ രക്തത്തിലും, അടക്കത്തിലും, ഉയിർത്തെഴുന്നേല്പിലും വിശ്വാസം ഉണ്ടാകുമ്പോൾ, ആ വിശ്വാസം നാം സ്നാനത്തിൽ അവനോടുകൂടെ അടക്കപ്പെട്ട് പ്രകടിപ്പിക്കുന്നു.

---

കുറിപ്പുകൾ

[1]"പാപിയുടെ പ്രാർത്ഥന" ആവർത്തിച്ച് ചൊല്ലുന്നത് തിരുവെഴുത്തുപദേശമല്ല, അത് രക്ഷ "വിശ്വാസത്താൽ മാത്രം" ലഭിക്കുന്നു എന്ന് അവകാശപ്പെടുന്നവരുടെ ഉപദേശമാണ്. ഒരു പ്രാർത്ഥന ചൊല്ലുന്നതുകൊണ്ട് അ - ക്രൈസ്തവൻ ദൈവത്തിന്റെ കൃപയിലേക്ക് വരുന്നില്ല, കാരണം പൗലൊസ് നിരവധി ദിവസങ്ങളിൽ അനന്യാസ് "നിന്റെ പാപങ്ങളെ കഴുകി കളക" എന്നു പറയുന്നതിനുമുൻപ് പ്രാർത്ഥിച്ചിട്ടുണ്ട് (പ്രവൃത്തികൾ 9:10, 11; 22:16). [2]ആർ. ബൾട്ട്മാൻ, *"പിസ്റ്റിയോ," ഇൻ തിയോളജിക്കൽ ഡിക്ഷ്ണറി ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്*, എഡി. ജെർഹാർഡ് കിറ്റെൽ ആന്റ് ജെർഹാർഡ് ഫ്രൈഡ്റിച്ച്, ട്രാൻസ്. ആന്റ് അബിർ. ജിയോഫ്രി ഡബ്ളിയു. ബ്രോമിലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയു എം. ബി. ഏർഡ്മാൻസ് പബ്ളിഷിംങ് കമ്പനി., 1985), 854. [3]*അപ്പെയ്ത്തിയ* എന്നത് "അനുസരണക്കേട്" സൂചിപ്പിക്കുന്നു, അത് ആറു പ്രാവശ്യം; *അപ്പെയ്ത്തിയോ* തർജ്ജിമ ചെയ്തിരിക്കുന്നത് "അവിശ്വസിച്ചു" ഒരു പ്രാവശ്യം (ഏതു ബൈബിളിലും മാർജിൻ കുറിപ്പായി കൊടുത്തിരിക്കുന്നു), "അനുസരണക്കേട്" പത്തു പ്രാവശ്യം, "അനുസരിക്കാതിരിക്കൽ" മൂന്നു പ്രാവശ്യം. *അപ്പെയ്ത്തസ്* തർജ്ജിമ ചെയ്തത് "അനുസരണക്കേട്" ആറു പ്രാവശ്യം. എന്നാൽ ന്യൂ അമേരിക്കൻ സ്റ്റാൻഡേർഡ് ബൈബിളിൽ ഈ വാക്കുകൾ തർജ്ജിമ ചെയ്തിരിക്കുന്നത് "അനുസരിക്കാതിരിക്കൽ," കിങ് ജെയിംസ് വേർഷനിൽ "വിശ്വസിക്കാതിരിക്കൽ" അല്ലെങ്കിൽ "അവിശ്വസിക്കൽ" എന്നതാണ്. [4]*ദ ബുക്ക് ഓഫ് ഡിസിപ്ളിൻ ഓഫ് ദ യുണൈറ്റഡ് മെത്തേഡിസ്റ്റ് ചർച്ച്* (നാഷ്വില്ലെ: യുണൈറ്റഡ് മെത്തേഡിസ്റ്റ് പബ്ളിഷിംഗ് ഹൗസ്, 1976), 57. [5]വിശ്വസിക്കാൻ വരുന്നവർ ദൈവമക്കളായി തീർന്നിരിക്കണമെന്നില്ല എന്നാൽ അവർക്ക് "ദൈവമക്കളാകുവാനുള്ള അവകാശം ഉണ്ട്" (യോഹന്നാൻ 1:12). യോഹന്നാൻ 12:42 പറയുന്നു, "എന്നിട്ടും പ്രമാണികളിൽ തന്നെയും അനേകർ അവനിൽ വിശ്വസിച്ചു, പള്ളി ഭ്രഷ്ടർ ആകാതിരിപ്പാൻ പരീശന്മാർ നിമിത്തം ഏറ്റുപറഞ്ഞില്ലതാനും." ഈ പ്രമാണിമാർ വിശ്വസിച്ചു എങ്കിലും അവരെ യേശു പിതാവിനു മുൻപിൽ തള്ളിപ്പറയും കാരണം അവർ അവനെ കർത്താവായി ഏറ്റുപറഞ്ഞില്ല (നോക്കുക മത്തായി 10:33; റോമർ 10:9, 10). [6]അലക്സാണ്ടർ കാംപെൽ, *ക്രിസ്റ്റ്യൻ ബാപ്റ്റിസം വിത്ത്*

*ഇറ്റ്സ് ആന്റിസിഡൻസ് ആന്റ് കോൺസെക്വെൻസ്* (നാഷ്വില്ലെ: മെക്വിഡി പ്രിന്റിംഗ് കമ്പനി., 1913), 205. [7]ഹെൻറി വാൻസ്ബ്രഫ്, ജെൻ. എഡി., ദ ന്യൂ ജെറുശലേം ബൈബിൾ (ന്യൂയോർക്ക്: ഡബിൾ ഡേ, 1985), 1875, എൻ 6 എ. [8]ഡഗ്ളസ് ജെ. മൂ, *ദ എപ്പിസ്റ്റിൽ ടു ദ റോമൻസ്*, ദ ന്യൂ ഇന്റർനാഷണൽ കമന്ററി ഓൺ ദ ന്യൂ ടെസ്റ്റമെന്റ്, ജെൻ. എഡ്സ്. നെഡ് ബി. സ്റ്റോൺഹൗസ്, എഫ്. എഫ്. ബ്രൂസ്, ആന്റ് ജോർഡൻ ഡി. ഫീ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയു എം. ബി. എർഡ്മാൻസ് പബ്ളിഷിംഗ് കമ്പനി., 1996), 366. [9]റോബർട്ട് ജി. ബ്രാച്ചറും യൂജിൻ എ. നിഡയും, *എ ട്രാൻസ്ലേറ്റേഴ്സ് ഹാന്റ് ബുക്ക് ഓൺ ദ ഗോസ്പെൽ ഓഫ് മാർക്ക്* (ന്യൂയോർക്ക്: യുണൈറ്റഡ് ബൈബിൾ സൊസൈറ്റീസ്, 1961), 511.

---

## നീതീകരണത്തിന്റേയും നിത്യജീവന്റേയും അനുഗ്രഹങ്ങളും വിശ്വാസവും

നീതീകരണവും (ദൈവമുൻപാകെ ശരിയായി തീരുക) നിത്യ ജീവനും സ്നാനവുമായി ബന്ധപ്പെടുത്തിയല്ല പറഞ്ഞിരിക്കുന്നത്, എന്നാൽ വിശ്വാസവുമായുള്ള ബന്ധത്തിലാണ് – അതാണ് ശരി. അതി നെതിരായി, രക്ഷയും പാപമോചനവും വിശ്വാസത്തോടും സ്നാന ത്തോടും ബന്ധപ്പെടുത്തിയാണ് പറഞ്ഞിട്ടുള്ളത് – അതു ശരിയുമാണ്. തുടർച്ചയായുള്ള വിശ്വാസത്തിൽ ആശ്രയിച്ചിരിക്കുന്നതാണ് നീതീകര ണവും നിത്യജീവനും. പൗലൊസ് കൊലൊസ്യർക്കു എഴുതി, "യേശു മരിച്ചതു നിങ്ങളെ അവന്റെ മുമ്പിൽ വിശുദ്ധരും നിഷ്ക്കളങ്കരും കുറ്റമി ല്ലാത്തവരുമായി നിറുത്തേണ്ടതിന്നു – സുവിശേഷത്തിന്റെ പ്രത്യക്ഷത യിൽ നിന്നു നിങ്ങൾ ഇളകാതെ സ്ഥിരതയുള്ളവരായി, വിശ്വാസത്തിൽ നിലനിന്നു കൊണ്ടാൽ, അവന്റെ മുമ്പിൽ നില്ക്കും" (കൊലൊസ്യർ 1:22, 23). സ്നാനം ഒരി – ക്കൽ സംഭവിക്കുന്നത്, എന്നാൽ നിത്യജീവൻ പ്രാപിക്കുവാൻ തുടർച്ചയായ വിശ്വാസം വേണം.

വിശ്വസിക്കുന്നതു മുഖാന്തരം നിത്യജീവൻ ലഭിക്കുമെന്നു പഠിപ്പി ക്കുന്ന വേദഭാഗത്തിൽ ഒരിക്കൽ – ഉള്ള വിശ്വാസത്താൽ എന്നു പറ ഞ്ഞിട്ടില്ല. "വിശ്വസിക്കുന്നു" എന്ന വാക്കു (യോഹന്നാൻ 3:16, 36) ഗ്രീക്കിൽ വർത്തമാന അപൂർണ്ണക്രിയയാണ്, അതു സൂചിപ്പിക്കുന്നത്, ആ സമയത്തു ഒരിക്കൽ മാത്രം ഉണ്ടാകേണ്ടതല്ല, പിന്നെയോ തുടർച്ച യായി ഉണ്ടാകേണ്ടതാണ്.[1]

ഒരിക്കൽ മാത്രം വിശ്വസിക്കുന്നവർക്കല്ല, യേശുവിൽ തുടർച്ചയായി വിശ്വസിക്കുന്നവർക്കാണ് നിത്യജീവൻ ലഭിക്കുന്നതു എന്നാണ് യോഹ ന്നാൻ 3:16 പഠിപ്പിക്കുന്നത്. അതു നീതീകരണത്തിന്റെ കാര്യത്തിലും വാസ്തവമാണ്: അതു തുടർ വിശ്വാസത്തിന്റെ ഫലമാണ്. പാപങ്ങളുടെ മോചനത്തിനും രക്ഷക്കുമുള്ള പുതിയ ജനനം, നേരെമറിച്ച്, ഒരിക്കൽ നടക്കുന്നതാണ്. അതു സംഭവിക്കുന്നതു ഒരാൾ പാപം ക്ഷമിക്കുന്നതിനു യേശുവിന്റെ രക്തത്തിലുള്ള വിശ്വാസത്തോടെ സ്നാനം ഏല്ക്കുമ്പോ ഴാണ് (യോഹന്നാൻ 3:5; റോമർ 3:25; കൊലൊസ്യർ 2:12, 13). പുതിയ

ജീവൻ ആരംഭിക്കുന്ന പുതിയ ജനനമാണ് സ്നാനം (റോമർ 6:4), നിത്യജീവൻ പ്രാപിക്കേണ്ടതിന്നു നാം ആ വിശ്വാസത്തിൽ തുടർന്നു ജീവിക്കണം.

### ദൈവകൃപയുടെ അനുഗ്രഹവും വിശ്വാസവും

ദൈവത്തിന്റെ രക്ഷിക്കുന്ന കൃപയിലേക്കു നമുക്കു പ്രവേശനം ലഭിക്കുന്നതു വിശ്വാസത്താലാണ്: "വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ടു, നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം, നമുക്കു ദൈവത്തോടു സമാധാനം ഉണ്ട്; നാം നില്ക്കുന്ന ഈ കൃപയിലേക്കു നമുക്കു അവൻ മൂലം വിശ്വാസത്താൽ പ്രവേശനവും ലഭിച്ചിരിക്കുന്നു" (റോമർ 5:1, 2). വിശ്വാസത്താൽ അടിസ്ഥാനപ്പെടുത്തിയ, നിബന്ധനകളാലാണ് നാം പ്രവേശിക്കുന്നത്; ആ വിശ്വാസം പൂർത്തീകരിക്കുന്നതു വിശ്വാസത്താലാണ് (യാക്കോബ് 2:22).

കൃപ ക്രിസ്തുവിൽ ആണ് (2 തിമൊഥെയൊസ് 2:1), സ്നാനത്താലാണ് നാം അവനോടു ചേരുന്നത് (റോമർ 6:3). നാം കൃപയാൽ വിശ്വാസം മൂലം ക്രിസ്തുവിലേക്കു പ്രവേശിക്കുന്നു – അവിടെയാണ് കൃപയുള്ളത് – അതു സ്നാനപ്പെടുമ്പോൾ സംഭവിക്കുന്നു. നാം സ്നാനപ്പെടുന്ന നിമിഷമാണ് ക്രിസ്തുവിലേക്കു പ്രവേശിക്കുന്നത്, നമ്മുടെ രക്ഷ ലഭിക്കുന്ന ദൈവത്തിന്റെ കൃപയിലേക്കു പ്രവേശിക്കുന്നതും ആ നിമിഷമാണ് (എഫെസ്യർ 2:8).

---

കുറിപ്പ്

[1]വർത്തമാനകാല അപൂർണ്ണ ക്രിയ പ്രതിനിധീകരിക്കുന്നത് " 'ലീനിയർ' ആക്ഷൻ" (സി. എഫ്. ഡി. മൗൽ, *ആൻ ഇഡിയം ബുക്ക് ഓഫ് ന്യൂ ടെസ്റ്റമെന്റ് ഗ്രീക്ക്*; 2 ഡി എഡി. [ന്യൂയോർക്ക്: കെയിംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രെസ്, 1959], 99), കൂടാതെ, പ്രെസെന്റ് ഇൻഫിനിറ്റിവ്, "ടൈംലെസ് ആന്റ് ഡുറേറ്റിവ്" (എ. റ്റി. റോബെർട്ട്സൺ, *എ ഗ്രാമർ ഓഫ് ദ ഗ്രീക്ക് ന്യു ടെസ്റ്റമെന്റ്*, 4-ാം എഡി. [നാഷ്വില്ലെ: ബ്രോഡ്മാൻ പ്രെസ്സ്, 1923], 891).

© 2009 Truth for Today